## പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2206** 06.02.2019 -ൽ മറുപടിക്ക്.

## നാഷണൽ ഫുഡ് സെക്യൂരിറ്റി ആക്റ്റ്

**ചോദ്യം**

**ശ്രീ. മഞ്ഞളാംകുഴി അലി**
**,, വി.കെ.ഇബ്രാഹിം കുഞ്ഞ്**
**,, കെ.എൻ.എ ഖാദർ**
**,, എം.ഉമ്മർ :**

(എ) 2013- ലെ നാഷണൽ ഫുഡ് സെക്യൂരിറ്റി ആക്റ്റ് ഫലപ്രദമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സോഷ്യൽ ഓഡിറ്റ് അഡ്വൈസറി കമ്മിറ്റിയും സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയും രൂപീകരിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത കമ്മിറ്റിയുടെയും സൊസൈറ്റിയുടെയും രൂപരേഖ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ആയതിലേക്ക് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**മറുപടി**

**ശ്രീ. പി. തിലോത്തമൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)**

(എ) യും (ബി) യും (സി) ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 ന്റെ വകുപ്പ് 28(1),(2), സംസ്ഥാന ഭക്ഷ്യഭദ്രതാ ചട്ടം, 2018 ന്റെ ചട്ടം 49 എന്നിവയുടെ അടിസ്ഥാനത്തിൽ ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ്, തിരുവനന്തപുരം ജില്ലയിൽ സോഷ്യൽ ഓഡിറ്റ് നടത്തി വരുന്നു. പൈലറ്റ് പ്രോജക്ട് സംബന്ധിച്ച അന്തിമ റിപ്പോർട്ട് മാർച്ച് 2019-ഓടു കൂടി സമർപ്പിക്കുന്നതിന് ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ആയതിന്റെ ശുപാർശകളുടെ അടിസ്ഥാനത്തിൽ സോഷ്യൽ ഓഡിറ്റ് സംബന്ധിച്ച മാർഗ്ഗരേഖ തയ്യാറാക്കി 30.12.15 ലെ സ.ഉ.(സാധാ)നം.3906/15/ത.സ്വ.ഭ.വ. പ്രകാരം രൂപീകരിച്ച സോഷ്യൽ ഓഡിറ്റിംഗ് സൊസൈറ്റിയുമായി കൂടിയാലോചിച്ച് സംസ്ഥാനമൊട്ടാകെ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് ആലോചിച്ചു വരുന്നു. ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസിന്റെ റിപ്പോർട്ടിന് ആനുപാതികമായി, കാര്യങ്ങൾ പരിശോധിച്ച് ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**